കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911

## കേന്ദ്രത്തിന്റെ കള്ളക്കളി: ബീനാപോൾ

തിരുവനന്തപുരം: ഇറാനിയൻ സംവിധായകൻ മജീദ് മജീദിയുടെ മുഹമ്മദ്: ദ മെസഞ്ചർ ഒഫ് ഗോഡിന് ഐ.എഫ്.എഫ്.കെയിൽ പ്രദർശനം നിഷേധിച്ചത് കേന്ദ്രസർക്കാരെന്ന് ചലച്ചിത്ര അക്കാഡമി വൈസ്ചെയർപേഴ്സൺ ബീനാപോൾ പറഞ്ഞു.

ചലച്ചിത്രമേളയുടെ ഭാഗമായി സംഘടിപ്പിച്ച ഓപ്പൺഫോറത്തിൽ സംസാരിക്കുകയായിരുന്ന അവർ. പ്രദർശനാനുമതി തേടി ആഴ്ചകൾക്കു മുൻപേ അപേക്ഷ നൽകിയിരുന്നെങ്കിലും കേന്ദ്രസർക്കാർ സിനിമ പ്രദർശിപ്പിക്കുന്ന കാര്യം അറിയിക്കാതെ കള്ളക്കളി നടത്തി.

## ചലച്ചിത്രമേളയ്ക്ക് ഇന്ന് സൈൻഓഫ്

തിരുവനന്തപുരം: 23-ാമത് രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് സമാപനം. വൈകിട്ട് 6ന് നിശാഗന്ധിയിൽ നടക്കുന്ന സമാപനസമ്മേളനവും പുരസ്കാരവിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി.എസ്. സുനിൽകുമാർ മുഖ്യാതിഥിയായിരിക്കും.

മന്ത്രി എ.കെ. ബാലൻ മാധ്യമ പുരസ്കാരങ്ങൾ വിതരണം ചെയ്യും. വി.എസ്. ശിവകുമാർ എം.എൽ.എ, ചലച്ചിത്ര അക്കാഡമി ചെയർമാൻ കമൽ, വൈസ് ചെയർപേഴ്സൺ ബീനാപോൾ, സെക്രട്ടറി മഹേഷ് പഞ്ചു തുടങ്ങിയവർ പങ്കെടുക്കും.

# 'മുഹമ്മദി'ന് പ്രദർശനാനുമതി നിഷേധിച്ചത് ശരിയായില്ല: മജീദ് മജീദി

എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: ചിൽഡ്രൻ ഒഫ് ഹെവൻ, കളർ ഒഫ് പാരഡൈസ്, ദി സോംഗ് ഒഫ് പാരഡൈസ് തുടങ്ങിയ സിനിമകളിലൂടെ ഭാഷയ്ക്കപ്പുറത്തെ ദൃശ്യഭാഷ്യം കാണികൾക്ക് പകർന്ന ഇറാനിയൻ സംവിധായകൻ മജീദ് മജീദി ബന്ധങ്ങളുടെ ഊഷ്മളതയും മാനവികതയും ഉയർത്തിപ്പിടിച്ചാണ് ലോകമെങ്ങും ആരാധകരെ സൃഷ്ടിച്ചത്. 23-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ജൂറി ചെയർമാനായി എത്തിയ മജീദി കേരളകൗമുദിക്ക് അനുവദിച്ച പ്രത്യേക അഭിമുഖം.

■ *മാനുഷികവികാരങ്ങൾക്കും മാനവികതയ്ക്കും പ്രാധാന്യം നൽകുന്നവയാണ് മജീദി സിനിമകൾ?*

സമൂഹത്തിന്റെ അടിത്തറയാണ് ബന്ധങ്ങൾ. അത് രണ്ടു വ്യക്തികൾ തമ്മിലും കുടുംബാംഗങ്ങൾ തമ്മിലും വ്യക്തിയും സമൂഹവുമായും എല്ലാം വരും. ഇത്തരം ഊഷ്മളമായ ബന്ധങ്ങളാണ് നമ്മളെ നിലനിറുത്തുന്നത്. ഞാനതിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. സ്വാഭാവികമായും സിനിമയിലേക്കും അത് കടന്നുവരുന്നു.

■ *'മുഹമ്മദ്: ദി മെസഞ്ചർ ഒഫ് ഗോഡ്' ഐ.എഫ്.എഫ്.കെയിൽ പ്രദർശിപ്പിക്കാനായില്ല?*

വലിയ നിരാശയുണ്ടാക്കുന്ന തീരുമാനമാണിത്. ശരിയായ തീരുമാനമല്ല ഈ വിഷയത്തിൽ അതോറിട്ടി എടുത്തിട്ടുള്ളത്. സിനിമ കണ്ടുനോക്കാതെയാണ് മിക്കവാറും ഇങ്ങനെയുള്ള തീരുമാനങ്ങൾ ഉണ്ടാകുന്നത്. ഇന്ത്യയിലും ഇത്തരം വിലക്കുകൾ ഉണ്ടാകുന്നുവെന്നത് വിഷമകരമാണ്.

■ *ബിയോണ്ട് ദി ക്ലൗഡ്സ് ഇന്ത്യയിൽ ഷൂട്ട് ചെയ്ത അനുഭവം?*

വലിയ അനുഭവമെന്ന് വിശേഷിപ്പിക്കാനാണ് ഇഷ്ടം. ഇന്ത്യയിൽവച്ച് ഒരു സിനിമ എടുക്കണമെന്നത് എക്കാലത്തെയും ആഗ്രഹമായിരുന്നു. സിനിമയ്ക്ക് ഇവിടെ വലിയ സ്പേസ് ഉണ്ട്. കൊമേഴ്സ്യൽ സിനിമയും ആർട്ട് സിനിമയും ഒരുപോലെ ഇന്ത്യയിൽ സ്വീകരിക്കപ്പെടും.



■ *ഇറാനിൽ സിനിമ ഷൂട്ട് ചെയ്യാനുള്ള സാഹചര്യം?*

ഇറാനിലെ സ്ഥിതി നേരത്തേതിൽനിന്ന് ഒരുപാട് മാറി. നമ്മൾ സിനിമ ഷൂട്ട് ചെയ്യുന്നതിനുള്ള ലൈസൻസ് ആവശ്യപ്പെട്ട് അപേക്ഷ നൽകിയാൽ അതോറിട്ടി സഹായിക്കും. പൊലീസ് സഹായമെല്ലാം ഉണ്ടാകും. ജനങ്ങളും സിനിമയെ തിരിച്ചറിയുന്നവരാണ്. അതുപോലെ സിനിമയിൽ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായി പ്രൈവറ്റ് കമ്പനികളൊക്കെ വരുന്നുണ്ട്.

■ *ഐ.എഫ്.എഫ്.കെ അനുഭവം?*

നല്ല സംഘാടനം. എല്ലാ കാര്യങ്ങളിലും ഒരു പെർഫെക്ഷൻ ഉണ്ട്. ഒരുപാട് ചെറുപ്പക്കാർ സിനിമ കാണാൻ വരുന്നത് കണ്ടു. ഇത് ഇവിടത്തെ ഇൻഡസ്ട്രിക്ക് ഗുണം ചെയ്യും.

ഷൂട്ട് @ സൈറ്റ് | രോഹിത്ത് തയ്യിൽ



**പറന്നു വന്ന അതിഥി...** *തണ്ണീർത്തടങ്ങളും ചതുപ്പ് നിലങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുമ്പോഴും കോഴിക്കോട്ടെ മണ്ണിന്റെ രുചി തേടി അവരെത്തി. ഇന്നലെ കോഴിക്കോട് കടപ്പുറത്ത് കണ്ടെത്തിയ അരയന്നക്കൊക്കുകളുടെ കൂട്ടത്തിൽ ഏറ്റവുമധികം കാണുന്ന ഗ്രേറ്റർ ഫ്ലെമിംഗോ*

# വനിതാ മതിൽ വൻ വിജയമാക്കും: വെള്ളാപ്പള്ളി നടേശൻ

## മാറി നിൽക്കുന്നവർ സംഘടനയിൽ ഉണ്ടാകില്ല

ആലപ്പുഴ: ജാതി, മത, രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും ജനവരി ഒന്നിന് സർക്കാർ ഒരുക്കുന്ന വനിതാ മതിലിൽ പങ്കെടുക്കണമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടു.

നവോത്ഥാന വനിതാമതിലിൽ നിന്ന് എസ്.എൻ.ഡി.പി യോഗത്തിന് മാറിനിൽക്കാനാവില്ലെന്ന് ആലപ്പുഴയിൽ നടന്ന നേതൃയോഗത്തിനുശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ വെള്ളാപ്പള്ളി പറഞ്ഞു. വനിതാ മതിൽ വിജയിപ്പിക്കുന്നതിന് യോഗം കൗൺസിലും നേതൃയോഗവും അംഗീകാരം നൽകി. നവോത്ഥാനത്തിന് എതിര് നിൽക്കുന്നവരാണ് വനിതാ മതിലിനെതിരെ എതിർപ്പുമായി വരുന്നത്. മതിൽ വൻവിജയമാക്കാൻ എസ്.എൻ.ഡി.പി യോഗം വനിതാസംഘം പ്രവർത്തകരുൾപ്പെടെ എല്ലാവരും സജീവമായി രംഗത്തുണ്ടാകും. സ്കൂളുകളിൽനിന്നും കോളേജുകളിൽ നിന്നും വലിയ പങ്കാളിത്തമുണ്ടാകും. എസ്.എൻ.ഡി.പി യോഗം സംഘടനാപരമായെടുക്കുന്ന തീരുമാനങ്ങളിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. അതിൽ നിന്ന് മാറി നിൽക്കുന്നവർ സംഘടനയിലുണ്ടാകില്ലെന്നും അദ്ദേഹം പറഞ്ഞു.

ഹൈന്ദവർക്കുവേണ്ടി നിലകൊള്ളുന്നവരാണ് ബി.ജെ.പിക്കാരെങ്കിൽ അവരും വനിതാ മതിലിൽ പങ്കെടുക്കണം. നവോത്ഥാനം ഒരു വിഭാഗത്തിനു മാത്രം നീതി ലഭിക്കാനല്ല. എല്ലാ വിഭാഗങ്ങൾക്കും തുല്യനീതി ലഭിക്കുന്നതിനുവേണ്ടിയാണ്.

മതിലിനെതിരെയുള്ള എൻ.എസ്.എസ് ജനറൽ സെക്രട്ടറിയുടെ നിലപാടിനെക്കുറിച്ചുള്ള ചോദ്യത്തിന്, ഒരു നേതാവ് പറഞ്ഞതു കൊണ്ട് അണികൾ മാറിനിൽക്കണമെന്നില്ലെന്നായിരുന്നു വെള്ളാപ്പള്ളിയുടെ മറുപടി. നേതൃയോഗത്തിൽ യോഗം പ്രസിഡന്റ് ഡോ. എം.എൻ. സോമൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി സ്വാഗതം പറഞ്ഞു. ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് നന്ദി പറഞ്ഞു. കൗൺസിൽ അംഗങ്ങളായ പി.ടി. മന്മഥൻ, ബേബി റാം, ഷീബ ടീച്ചർ, വനജാ വിദ്യാധരൻ തുടങ്ങിയവർ പങ്കെടുത്തു.



*എസ്.എൻ.ഡി.പി യോഗം യൂണിയൻ ഭാരവാഹികളുടെ യോഗം ആലപ്പുഴ പ്രിൻസ് ഹോട്ടലിൽ ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് ഡോ.എം.എൻ.സോമൻ, വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, സുന്ദരേശൻ പുനലൂർ, ബാബു കടുത്തുരുത്തി, അരയക്കണ്ടി സന്തോഷ്, പി.ടി.മന്മഥൻ, ബേബി റാം, ഷീബ, വനജ വിദ്യാധരൻ എന്നിവർ സമീപം*

### ബി.ജെ.പിക്ക് പാഠമാകണം

**തി**രഞ്ഞെടുപ്പിലുണ്ടായ പരാജയം ബി.ജെ.പിക്ക് വലിയ ക്ഷീണമുണ്ടാക്കിയിട്ടുണ്ടെന്ന് വെള്ളാപ്പള്ളി പറഞ്ഞു. മൂന്ന് സംസ്ഥാനങ്ങളിലും പരാജയപ്പെട്ടത് ഒരു പാഠമായി കണ്ട് മുന്നേറിയാൽ അവർക്ക് കൊള്ളാം. കോൺഗ്രസിന് നില മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വലിയ വിജയമായി കാണാൻ കഴിയില്ല. ഗ്രൂപ്പ് സമവാക്യങ്ങൾ വിജയിച്ചാൽ അത് രാഷ്ട്രീയമായി വലിയ തകർച്ചയ്ക്കിടയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

# മഞ്ചേശ്വരം മുതൽ പാറശാല വരെ 26ന് 'അയ്യപ്പജ്യോതി'

## ജില്ലാ-താലൂക്ക് തലങ്ങളിൽ യുവതീസംഗമങ്ങളും ഗൃഹസമ്പർക്കവും സംഘടിപ്പിക്കും

പ്രത്യേക ലേഖകൻ

കൊച്ചി : ശബരിമല ആചാരങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം മുതൽ പാറശാല വരെ 26ന് അയ്യപ്പജ്യോതി തെളിക്കാൻ ശബരിമല കർമ്മസമിതി സംഘടനാ നേതൃയോഗം തീരുമാനിച്ചു. ഇതോടനുബന്ധിച്ച് ജില്ലാ-താലൂക്ക് തലങ്ങളിൽ യുവതീസംഗമങ്ങളും ഗൃഹസമ്പർക്കവും സംഘടിപ്പിക്കും.

മഞ്ചേശ്വരം മുതൽ അങ്കമാലി വരെ ദേശീയപാതയിലും അങ്കമാലി മുതൽ പാറശാല വരെ എം.സി റോഡിലുമാണ് ജ്യോതി തെളിക്കുന്നതെന്ന് കർമ്മസമിതി ജനറൽ കൺവീനർ എസ്.ജെ.ആർ. കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വൈകിട്ട് ആറിനാണ് ഭക്തർ ജ്യോതി തെളിക്കുന്നത്. കലാ സാംസ്കാരിക പ്രവർത്തകരും സന്യാസിമാരും നേതൃത്വം നൽകും. സംഘടനാ നേതാക്കൾ പങ്കെടുക്കുന്ന യോഗങ്ങളും ചേരും.

15 വരെ പഞ്ചായത്തുതലത്തിൽ അയ്യപ്പഭക്തസംഗമം വിളിച്ച് ജ്യോതി തെളിക്കൽ പ്രാദേശികമായി ആസൂത്രണം ചെയ്യും. പഞ്ചായത്തുതലങ്ങളിൽ കർമ്മസമിതി രൂപീകരിക്കും. രാഷ്ട്രപതിക്കുള്ള ഭീമഹർജിയിൽ 15 മുതൽ 17 വരെ സംസ്ഥാനത്ത് ഗൃഹസമ്പർക്കത്തിലൂടെ ഒപ്പു ശേഖരിക്കും. ജില്ലാ-താലൂക്ക് തലങ്ങളിൽ മഹിളാ ഐക്യവേദിയുമായി സഹകരിച്ച് വനിതാസംഗമം സംഘടിപ്പിക്കും. ജനുവരി ആറിനകം സംഗമം പൂർത്തിയാക്കും.

വനിതാസംഘടനകളുടെ യോഗം 18ന് കോട്ടയം സ്വാമിയാർ മഠത്തിൽ ചേരും. അയ്യപ്പജ്യോതി തെളിക്കൽ സർക്കാരിന്റെ വനിതാ മതിലിന് ബദലല്ല. സുപ്രീംകോടതി വിധി മറയാക്കി ശബരിമലയെ തകർക്കുന്ന നീക്കത്തിനെതിരെയാണ് ജ്യോതി തെളിക്കൽ.

ശിവഗിരി തീർത്ഥാടനം അട്ടിമറിക്കാൻ തീർത്ഥാടനദിവസം വനിതാമതിൽ തീർക്കാൻ സർക്കാർ തീരുമാനിച്ചതിൽ യോഗം പ്രതിഷേധിച്ചു. എസ്.എൻ.ഡി.പി യോഗം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തില്ലെങ്കിലും വിശ്വാസികൾക്കൊപ്പം നിൽക്കുമെന്ന് ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തെ സന്ദർശിച്ച് യോഗതീരുമാനം അറിയിക്കും.

### കർമ്മസമിതി ദേശീയതലത്തിൽ

ശബരിമല കർമ്മസമിതി ദേശീയതലത്തിൽ രൂപീകരിക്കാൻ 19ന് ബംഗളൂരുവിൽ യോഗം ചേരും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സമിതികൾ രൂപീകരിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഭക്തർ യോഗത്തിൽ പങ്കെടുക്കും. യുവതീപ്രവേശനത്തിനെതിരെ സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജികൾ സമർപ്പിച്ചവരുടെയും അഭിഭാഷകരുടെയും യോഗം ചേരും.

ഗവേഷകർ, ചരിത്രകാരന്മാർ എന്നിവരും പങ്കെടുക്കും. കോടതിയിൽ ഉന്നയിക്കാൻ വിട്ടുപോയ കാര്യങ്ങൾ കണ്ടെത്തുക, ഒരേ അഭിപ്രായങ്ങൾ ജനുവരി 22ന് കോടതിയിൽ അറിയിക്കുക എന്നിവയാണ് യോഗത്തിന്റെ ലക്ഷ്യം. 120 സമുദായസംഘടനകളുടെ 180 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തെന്നും ഇ.എസ്. ബിജു പറഞ്ഞു.



*ജെ. ഉദയഭാനു*



*കെ.പി. രാജേന്ദ്രൻ*

## എ.ഐ.ടി.യു.സി: ജെ. ഉദയഭാനു പ്രസിഡന്റ് കെ.പി. രാജേന്ദ്രൻ ജന. സെക്രട്ടറി

കണ്ണൂർ: നാലു ദിവസങ്ങളിലായി കണ്ണൂരിൽ നടന്ന എ.ഐ.ടി.യു.സി സംസ്ഥാന സമ്മേളനം സമാപിച്ചു. ജെ. ഉദയഭാനുവിനെ പ്രസിഡന്റായും കെ.പി. രാജേന്ദ്രനെ ജനറൽ സെക്രട്ടറിയായും വീണ്ടും തിരഞ്ഞെടുത്തു.

മറ്റു ഭാരവാഹികൾ: താവം ബാലകൃഷ്ണൻ, പി.രാജു, ടി.ജെ. ആഞ്ചലോസ്, വിജയൻ കുനിശ്ശേരി, എ.എൻ. രാജൻ, കെ.ജി പങ്കജാക്ഷൻ, പി. സുബ്രഹ്മണ്യൻ, വാഴൂർ സോമൻ, കെ.എസ്. ഇന്ദുശേഖരൻ നായർ, പി. വിജയമ്മ, പി.കെ. കൃഷ്ണൻ, കെ.വി. കൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ). വി. ബി. ബിനു, എച്ച്.രാജീവൻ, കെ.കെ. അഷ്റഫ്, സി.പി. മുരളി, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കെ. മല്ലിക, ആർ. പ്രസാദ്, കവിത രാജൻ, എലിസബത്ത് അസീസി, കെ.സി. ജയപാലൻ (സെക്രട്ടറിമാർ). എം.വി. വിദ്യാധരൻ (ട്രഷറർ).

## ആകാശവാണി ക്രിസ്മസ് കരോൾ നാളെ

തിരുവനന്തപുരം: ക്രിസ്മസിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ആഭിമുഖ്യത്തിൽ നാളെ വൈകിട്ട് 6ന് ചങ്ങനാശേരി സെന്റ് മേരീസ് പാരിഷ് ഹാളിൽ ക്രിസ്മസ് കരോൾ എന്ന ശാന്തിഗീതം അവതരിപ്പിക്കും.

ഒന്നാം ചരമവാർഷികം
(13.12.2018)



ജെ. സുലോചന
ഗംഗാതീർത്ഥം, മുഖക്കാട് ലെയ്ൻ, ആനയറ, തിരുവനന്തപുരം.
ദുഃഖിതരായ
ഭർത്താവ്: ചെല്ലപ്പൻ പിള്ള (Late), മക്കളും മരുമക്കളും ചെറുമക്കളും.







Vol. No. 108 Issue No. 336 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .